## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.04.2016-ലെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 11-മണിക്ക് ബഹു.ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നോർത്ത് കമ്മിറ്റി ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.03.2016-ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

**2.1** **1200** തദ്ദേശഭരണ സ്ഥാപനങ്ങൾ **4396.03** കോടി രൂപ (**70** %) ചെലവഴിച്ചതായും ഇതിൽ **941** ഗ്രാമപഞ്ചായത്തുകൾ **2385.54** കോടി രൂപയും (**74.50** %), **152** ബ്ലോക്ക് പഞ്ചായത്തുകൾ **617.87** രൂപയും (**84.31 %) 14** ജില്ലാ പഞ്ചായത്തുകൾ **587.28** കോടി രൂപയും (**64.65**%), **87**മുനിസിപ്പാലിറ്റികൾ **485.18** കോടി രൂപയും, (**61.58**%), **6** കോർപ്പറേഷനുകൾ **320.16**കോടി രൂപയും (**49.23** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2.2** കുടിവെള്ള വിതരണത്തിന് തെരഞ്ഞെടുപ്പു കമ്മീഷൻ അനുമതി നൽകിയ സാഹചര്യത്തിൽ 16.03.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി പൊതു വിഷയങ്ങൾ 2.2 തീരുമാന പ്രകാരം കുടിവെള്ള വിതരണത്തിന് ഗ്രാമപഞ്ചായത്ത് 10 ലക്ഷം രൂപയും മുനിസിപ്പാലിറ്റി 15 ലക്ഷം രൂപയും കോർപ്പറേഷൻ 25 ലക്ഷം രൂപയും തനത്/പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുവദിച്ചത് നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ആര്യാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.453/ഡി.ഡി.2/2016/തസ്വഭവ)**

2012-13 ൽ ലെ തുല്യത തുടർ വിദ്യാഭ്യാസത്തിന് ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കേരള പഞ്ചായത്ത് സെക്രട്ടറീസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ കത്ത്**

ഗ്രാമപഞ്ചായത്തുകളുടെ വാഹനങ്ങൾ പൊതു തെരഞ്ഞെടുപ്പ് ആവശ്യത്തിലേയ്ക്ക് ഏറ്റെടുത്തതിനാൽ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രവർത്തനങ്ങൾക്കും അടിയന്തിര ദൈനംദിന പ്രവർത്തനങ്ങൾക്കും വാഹനം വാടകയ്ക്കെടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിൽ 30.03.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.30 പ്രകാരം നടപടി കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഒറ്റപ്പാലം നഗരസഭ (ഫയൽനം.411/ഡി.ബി.2/2015/തസ്വഭവ)**

1) 10.02.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.7 പ്രകാരം സർവീസ് ടാക്സ് കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചിരുന്നു. നിലവിലുള്ള നിരക്കിൽ സർവീസ് ടാക്സ് ഏർപ്പെടുത്തുന്നതിനുള്ള നടപടി മുനിസിപ്പൽ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

2) അധിക പ്രവൃത്തി ചെയ്യുന്നതിന് നിലവിലുള്ള കരാർ വ്യവസ്ഥ പ്രകാരം അനുമതി നൽകി തീരുമാനിച്ചു.

3) ഇനി ചെയ്യാനുള്ള ബാക്കി പ്രവൃത്തികൾക്ക് സമാന സ്വഭാവമുള്ള കൊല്ലം കോർപ്പറേഷനിലെ പ്രവൃത്തികളുടെ കാര്യത്തിൽ ചെയ്തതുപോലെ 23.11.2015-ലെ സ.ഉ.(സാധാ)നം.3475/15/തസ്വഭവ സർക്കാർ ഉത്തരവ് അടിസ്ഥാനത്തിൽ 2014 ഡി.എസ്.ആർ നിരക്ക് ബാധകമാക്കി നിലവിലുള്ള കരാറുകാരനെക്കൊണ്ട് പ്രവൃത്തി തുടർന്ന് നടത്തിക്കുന്നതിനും എഗ്രിമെന്റ്

നിരക്കും (Revised 2010 SOR) ഡി.എസ്.ആർ. 2014 നിരക്കും തമ്മിലുള്ള കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അധിക തുക കണ്ടെത്തുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും ടി തുക കരാറുകാരന് അനുവദിച്ചു നൽകി മെയ് 31 നകം പൂർത്തിയാക്കി കടമുറികൾ ലേലം ചെയ്ത് കെ.യു.ആർ.ഡി. എഫ്.സി.യുടെ ലോൺ (12.83 കോടി രൂപ) തിരിച്ചടക്കുന്നതിന് നഗരസഭാ സെക്രട്ടറിയെ ചുമതല പ്പെടുത്തി 24.02.2016-ൽ ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ ചേംബറിൽ കൂടിയ യോഗ തീരുമാനം നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ, നഗരകാര്യ ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കക്കോടി ഗ്രാമപഞ്ചായത്ത് (ഫയൽനം.287/ഡി.സി.3/2016/തസ്വഭവ)**

2015-16-ലെ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഡ്രെയിനേജ് ശുചീകരണം എന്ന പ്രവൃത്തി പഞ്ചായത്തിന്റെ ചുമതലയിൽ ഉള്ളതിനാൽ തടസ്സം നിൽക്കുന്ന എൽ.എസ്.ജി.ഡി. എ.ഇയ്ക്ക് നിർദ്ദേശം നൽകുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുതലപ്പെടുത്തി തീരുമാനിച്ചു.

(പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മുളവുകാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 177/ഡി.ബി.2/2016/തസ്വഭവ)**

താൽക്കാലിക ഡ്രൈവർ ഉൾപ്പെടെയുള്ള വാഹനത്തിന്റെ തുടർ ചെലവുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കണമെന്ന വ്യവസ്ഥയിൽ വല്ലാർപ്പാടം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കുമളി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 191/ഡി.ബി.3/2016/തസ്വഭവ)**

നിലവിലുള്ള പഴയ വാഹനം ഉപയോഗപ്രദമല്ലെങ്കിൽ നിലവിലുള്ള നിയമപ്രകാരം ലേലം ചെയ്ത് വിൽക്കുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടതിൽ 10 ലക്ഷം രൂപയിൽ കവിയാതെയുള്ള വാഹനം വാങ്ങുന്നതിന് 06.01.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.17 പ്രകാരം അനുമതി നൽകി തീരുമാനിച്ചിരുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പാറശ്ശാല ഗ്രാമപഞ്ചായത്ത് (ഫയൽ നം. 202/ഡി.ബി.3/2016/തസ്വഭവ)**

വാഹനം വാങ്ങുന്നതിന് നിലവിലെ വ്യവസ്ഥ അനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കുന്നത്തൂർ പഞ്ചായത്ത് (ഫയൽ നം. 223/ഡി.എ2/2016/തസ്വഭവ)**

ഐവർകാല നടുവിൽ 7 പട്ടികജാതി കുടുംബങ്ങളുടെ വീട് സ്ഥിതി ചെയ്യുന്ന സ്ഥലം 7 അടി മുതൽ 12 അടിവരെ താഴ്ചയിൽ ആയതിനാൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കടമക്കുടി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 100/എഫ്.എം1/2016/തസ്വഭവ)**

പൊതു കുടിവെള്ള ടാപ്പുകളുടെ ചാർജ് അടയ്ക്കാൻ കഴിയാതെ ഭീമമായ തുക 29.02.2016 വരെ 63 ലക്ഷം രൂപ ആയത് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും കേരള വാട്ടർ അതോറിട്ടിക്ക് അടവാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിൽ പൊതു ടാപ്പ് നിർത്തലാക്കി വീടുകളിൽ വാട്ടർ കണക്ഷൻ

നൽകാനുള്ള സ്കീം നടപ്പിലാക്കണമെന്ന വ്യവസ്ഥയിൽ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഒരുമനയൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 9/എഫ്.എം2/2016/തസ്വഭവ)**

പൊതു കുടിവെള്ള ടാപ്പുകളുടെ ചാർജ് അടയ്ക്കാൻ കഴിയാതെ ഭീമമായ തുക നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും കേരള വാട്ടർ അതോറിട്ടിക്ക് അടവാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിൽ പൊതു ടാപ്പ് നിർത്തലാക്കി വീടുകളിൽ വാട്ടർ കണക്ഷൻ നൽകാനുള്ള സ്കീം നടപ്പിലാക്കണമെന്ന വ്യവസ്ഥയിൽ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡ് പ്രവൃത്തികളിൽ ടാറിനൊപ്പം പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് സ്പെസിഫിക്കേഷൻ നൽകുന്ന തിനും സാങ്കേതിക അനുമതി നൽകുന്നതിനും മാർഗ നിർദ്ദേശം പുറപ്പെടുവി ക്കുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ഷോളയാർ ഗ്രാമപഞ്ചായത്ത് (ഫയൽനം.511005/ഡി.എ2/16/തസ്വഭവ)**

വൈദ്യുത കമ്പിവേലി ലഭിക്കുന്നതിന് അടവാക്കേണ്ട ഗുണഭോക്തൃ വിഹിതം പട്ടികജാതി വിഭാഗങ്ങളെ ഒഴിവാക്കിക്കൊണ്ട് 10.02.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി 3.9 തീരുമാനം പ്രകാരം പട്ടികവർഗ വിഭാഗത്തിന് കൂടി അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ കത്ത്**

ഇ.എം.എസ്/ഐ.എ.വൈ. ഭവനപദ്ധതികൾക്ക് സംസ്ഥാന സർക്കാർ അടയ്ക്കേണ്ട പലിശ അടവാക്കുന്നതിന് നടപടി സ്വീകരിക്കാൻ എൽ.എസ്.ജി.ഡി. സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(ഉച്ചയ്ക്ക് 12 മണിക്ക് അവസാനിച്ചു)